Farmers FIRST Programme (FFP)

# അകിടുവീക്കം നിയന്ത്രിക്കാം

## പാലുൽപ്പാദനം കൂട്ടാം



ക്ഷീരകർഷകരുടെ മനോവീര്യം കെടുത്തുന്ന വെല്ലുവിളികളിൽ പ്രധാനമാണ് കാലിരോഗങ്ങൾ. അവയിൽ പാലുല്പാദനത്തെ പ്രതികൂലമായി ബാധിക്കുന്ന ഒരു രോഗമാണ് അകിടുവീക്കം. വിവിധയിനത്തിൽ പെട്ട സൂക്ഷ്മാണുക്കളാണ് രോഗമുണ്ടാക്കുന്നത്. മുലക്കാമ്പിലൂടെ രോഗാണുക്കൾ അകത്ത് കടന്ന് രോഗലക്ഷണങ്ങളുണ്ടാക്കുന്നു.

### രോഗ കാരണങ്ങൾ

ബാക്ടീരിയ, വൈറസ്, ഫംഗസ് തുടങ്ങിയ സൂക്ഷ്മാണുക്കൾ, ശുചിത്വമില്ലാത്ത തൊഴുത്തും പരിസരവും, അശാസ്ത്രീയമായ കറവരീതികൾ, അകിടിലും കാമ്പിലും ഉണ്ടാകുന്ന മുറിവുകളും ചതവുകളും, കറവക്കാരുടെ ശുചിത്വമില്ലായ്മ, കാലാവസ്ഥാ വ്യതിയാനം, അപൂർണ്ണമായ കറവ, സമയം തെറ്റിയുള്ള കറവ

### രോഗലക്ഷണങ്ങൾ

അകിടിൽ നീര്, പാലിന്റെ നിറം, രുചി,മണം, ഘടന എന്നിവയിലുള്ള മാറ്റം, പനി, ആഹാരത്തോട് വിരക്തി.

ലക്ഷണങ്ങൾ അനുസരിച്ച് അകിടുവീക്കത്തെ മൂന്നായി തിരിക്കാം.

**സബ് ക്ലിനിക്കൽ മാസ്റ്റൈറ്റിസ്**: അകിടിൽ നീരോ വേദനയോ പാലിന് ചെറിയ വ്യതിയാനമോ കാണുകയില്ല. പാലിന്റെ അളവ് ക്രമമായി കുറയും. പാലിന് ഉപ്പ് രസമുണ്ടാകും.

ഐ.സി.എ.ആർ – കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം
ICAR - CENTRAL PLANTATION CROPS RESEARCH INSTITUTE
भाकृअनुप - केन्द्रीय रोपण फसल अनुसंधान संस्थान
An ISO 9001:2008 Certified Institute
Kudlu. P.O, Kasaragod -671124, Kerala, India
Phone: 04994 232893 - 95, 233090, 232333 (Director); Fax: 04994 232322
E-mail: cpcri@nic.in, website: www.cpcri.gov.in

Scanned by CamScanner

### തീവ്രരീതിയിലുള്ള അകിടുവീക്കം

അകിടിൽ നീർക്കെട്ട്, വേദന, നടക്കാൻ ബുദ്ധിമുട്ട്, തീറ്റയ്ക്ക് മടി, പനി, പാലിന് നിറവ്യത്യാസം എന്നിവ കാണാം. പാൽ തൈര് പോലെയോ ചാര നിറത്തിലുള്ള കട്ടകളോട് കൂടിയോ കാണപ്പെടും. കോളിഫോം അകിടുവീക്കത്തിൽ പാലിന് പകരം വൈക്കോൽ നിറത്തിലുള്ള ദ്രാവകം ഊറി വരുന്നു.

**മന്ദഗതിയിലുള്ള അകിടുവീക്കം** : രോഗം ബാധിച്ച ഭാഗത്തെ മുലക്കാമ്പിൽ കല്ലിപ്പും പാലിന് നിറവ്യത്യാസവും ഉണ്ടാകും.

### രോഗനിർണ്ണയം

അകിടുവീക്ക രോഗനിർണ്ണയത്തിനും നിയന്ത്രണത്തിനുമായി മൃഗസംരക്ഷണവകുപ്പ് വിതരണം ചെയ്യുന്ന മാസ്റ്റൈറ്റിസ് കിറ്റ് ഉപയോഗിച്ച് അകിടുവീക്കം പ്രാരംഭദശയിൽ തന്നെ കണ്ടുപിടിക്കാം.

മിൽക്ക് പാഡ്, കാലിഫോർണിയ മാസ്റ്റൈറ്റിസ് ടെസ്റ്റ് (സി.എ.ടി) ലായനി, പൊട്ടാസ്യം പെർമാംഗനേറ്റ് തരികൾ, ബോറിക് ആസിഡ് പൊടി, പൊവിഡോൺ അയോഡിൻ ലായനി എന്നിവയടങ്ങിയതാണ് മാസ്റ്റൈറ്റിസ് കിറ്റ്.

മിൽക്ക് പാഡിലെ ഓരോ അറകളിലേക്ക് ഓരോ കാമ്പിലെയും 2 മി.ലി. പാൽ വീതം കറന്ന് ഒഴിക്കുക. അതിലേക്ക് 2 മി.ലി. സി.എം.ടി. ലായനി ഒഴിച്ച് പാത്രം സാവധാനം വൃത്താകൃതിയിൽ ചലിപ്പിക്കുക.

### പാൽ – ലായനി മിശ്രിതം

ഘടനയിൽ മാറ്റമില്ല - അകിടുവീക്കം ഇല്ല., കട്ടി കൂടി കുഴമ്പ് രൂപത്തിലാകുന്നു. - അകിടുവീക്കം ഉണ്ട്., രോഗത്തിന്റെ തീവ്രതയനുസരിച്ച് മിശ്രിതത്തിന്റെ കൊഴുപ്പ് കൂടി വരാം.

### ചികിത്സ

രോഗലക്ഷണങ്ങൾ കണ്ടാൽ ഉടനെ വിദഗ്ധ ചികിത്സ ലഭ്യമാക്കുക. ആന്റിബയോട്ടിക്കുകൾ നൽകുക. അകിടിന്റെ പുറത്ത് നീര് കുറയ്ക്കാനുള്ള ലേപനങ്ങൾ പുരട്ടുക. പാൽ ഇടയ്ക്കിടെ കറന്നു കളയുക.

### അകിടുവീക്ക നിയന്ത്രണം

കറവയ്ക്ക് മുമ്പും പിമ്പും അകിടും കറവക്കാരുടെ കൈകളും പൊട്ടാസ്യം പെർമാംഗനേറ്റ് ലായനി ഉപയോഗിച്ച് കഴുകുക. കാമ്പുകളിൽ ഉണ്ടാകുന്ന ചെറിയ മുറിവുകളിൽ ആന്റിസെപ്റ്റിക് ലേപനമായി ബോറിക് ആസിഡ് ഉപയോഗിക്കാം.

കറവയ്ക്ക് ശേഷം മുലക്കാമ്പുകൾ നേർപ്പിച്ച പൊവിഡോൺ അയോഡിൻ ലായനിയിൽ 5 - 10 സെക്കൻഡ് നേരം മുക്കണം. (ഒരു കപ്പ് വെള്ളത്തിൽ രണ്ട് മൂന്ന് തുള്ളി വീതം). ഇത് ടീറ്റ് ഡിപ്പിംഗ് എന്ന പേരിലറിയപ്പെടുന്നു.

അടുത്ത പ്രസവത്തിന് മുമ്പ് ക്രമമായി മാത്രമേ കറവ നിർത്തിക്കൊണ്ട് വരാവൂ. ആദ്യം പാലുല്പാദനത്തിന് നൽകുന്ന തീറ്റ ഒഴിവാക്കി കറവ തവണ ദീർഘിപ്പിച്ച് 2 - 3 ആഴ്ച കൊണ്ട് 7 ½ മാസത്തിൽ കറവ നിർത്താം. അവസാനത്തെ കറവയിൽ മുഴുവൻ പാലും കറന്നെടുത്ത ശേഷം മുലക്കാമ്പുകളിൽ ആന്റിബയോട്ടിക്കുകൾ കയറ്റുന്നത് അകിടുവീക്കം നിയന്ത്രിക്കുവാൻ സഹായിക്കുന്നു. ഇത് വറ്റുതാല ചികിത്സ എന്ന പേരിലറിയപ്പെടുന്നു.

രോഗലക്ഷണങ്ങൾ മനസ്സിലാക്കുകയും കാലിഫോർണിയ മാസ്റ്റൈറ്റിസ് ടെസ്റ്റ്, സ്ട്രിപ്പ് കപ്പ് ടെസ്റ്റ്, പി.എച്ച്. പേപ്പർ ടെസ്റ്റ്, കൾച്ചർ ആന്റ് സെൻസിറ്റിവിറ്റി ടെസ്റ്റ് എന്നിവയും രോഗത്തെ തിരിച്ചറിയാൻ സഹായിക്കുന്നു.

**രോഗപ്രതിരോധം ചികിത്സയേക്കാൾ പ്രധാനം**


Published by :
Dr. P. Chowdappa, Director, ICAR-CPCRI, Kasaragod
Dr. V. Krishnakumar, Head, ICAR-CPCRI, R.S, Kayamkulam

Compiled by :
Dr. Madhuri G. (Veterinary Surgeon, Pathiyur)

Edited by :
Anithakumari. P.

Farmers FIRST Project
Funded by
Indian Council of Agricultural Research (ICAR)
FFP being implimented in Pathiyoor Panchayath, Alappuzha Dist., Kerala with participation and involvement of the Panchayath committee, Farmer leaders, Women SHGs, Rural youths and the farming community

ICAR
हर कदम, हर डगर
किसानों का हमसफर
भारतीय कृषि अनुसंधान परिषद
Agrisearch with a human touch

March 2017
1000 copies


Scanned by CamScanner